9045
2/5/18

File No.FWLD-A1/50/2018-FWLD

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - കോതമംഗലം റെയിഞ്ചിലെ തട്ടേക്കാട് സെക്ഷനിൽ 1955, 56 തേക്ക് തോട്ടങ്ങളിൽ നിന്നും അനധികൃതമായി മരങ്ങൾ മുറിച്ച് നീക്കം ചെയ്തത്- ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം./185/2018/വനം തീയതി,തിരുവനന്തപുരം, 23/04/2018

പരാമർശം:- (1) 20.07.2013 ലെ ഡി&പി വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി3-27408/2013 നമ്പർ കത്ത്

(2) 30.07.2013 ലെ 9411/എ1/2013/വനം നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും

(3) 22.02.2014 ലെ ഡി&പി വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി3-27408/2013 നമ്പർ കത്ത്

(4) 20.08.2014 ലെ സ.ഉ.(സാധാ) നം.387/2014/വനം ഉത്തരവ്

(5) 10.07.2015ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി3-27408/2013 നമ്പർ കത്ത്

(6) 22.12.2015 ലെ സ.ഉ.(സാധാ) നം.549/2015/വനം ഉത്തരവ്

(7) 05.01.2016 ലെ 9305/എ1/2015/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്

(8) 21.09.2016 തീയതിയായി ശ്രീ.കെ.ഇ.സിബി, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ,

22.03.2016 തീയതിയായി ശ്രീ.സി.റ്റി.ഔസേഫ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, 22.03.2016 തീയതിയായി ശ്രീ.കെ.എം.ഹാരിസ്, 23.04.2016 തീയതിയായി ശ്രീ.റ്റി.എ.രജിത്ത് എന്നിവർ സമർപ്പിച്ച വിശദീകരണങ്ങൾ

(9) 20.05.2017 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി3-27408/2013 നമ്പർ കത്ത്.

(10) 1.03.2018-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ A1(1)8213/17/GW നമ്പർ കത്ത്

## ഉത്തരവ്

കോതമംഗലം റെയിഞ്ചിലെ തട്ടേക്കാട് സെക്ഷനിൽ 1955, 56 തേക്ക് തോട്ടങ്ങളിൽ നിന്നും അനധികൃതമായി മരങ്ങൾ മുറിച്ച് നീക്കം ചെയ്തതുമായി ബന്ധപ്പെട്ട് പരാമർശം ( 1 ) ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥർക്ക് പരാമർശം (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി.

1. ശ്രീ.എസ്.ദിനേശ്, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
2. ശ്രീ.കെ.ഇ.സിബി, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
3. ശ്രീ.ആർ.ബാബു, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ
4. ശ്രീ.എസ്.എൻ.ഉണ്ണികൃഷ്ണൻ നമ്പൂതിരി, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ
5. ശ്രീ.സി.റ്റി.ഔസേഫ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ
6. ശ്രീ.കെ.എം.പ്രദീഷ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ
7. ശ്രീ.ജോൺ ജോസഫ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ
8. ശ്രീ.ജിന്റോ പൗലോസ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ
9. ശ്രീ.ജിജോ ജോണി, ബീറ്റ് ഫോറസ്റ്റ് ഓഫീസർ
10. ശ്രീ.ഡി.വിദ്യാധരൻ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ
11. ശ്രീ.കെ.എം.ഹാരിസ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ
12. ശ്രീ.ടി.എ.രജിത്ത്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ

2) കുറ്റപത്രത്തിലെ ചാർജ്ജുകൾ താഴെ പറയുന്നവയാണ്:

(i) കോതമംഗലം റെയിഞ്ചിൽ തട്ടേക്കാട് സെക്ഷനിലെ ചേലമല ഭാഗം 1955. 1956 തേക്ക് തോട്ടങ്ങളിൽ നിന്നിരുന്ന 10 തേക്ക് മരങ്ങൾ അനധികൃതമായി മുറിച്ച് നീക്കം ചെയ്യപ്പെട്ട കൃത്യം യഥാസമയം തടയുന്നതിൽ പരാജയപ്പെട്ടു. സർക്കാർ മുതൽ സംരക്ഷിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തി. ടിയാന്മാരുടെ കൃത്യവിലോപം മൂലം സർക്കാരിന് 3,90,305/- രൂപയുടെ നഷ്ടം സംഭവിച്ചു.

(ii) കോതമംഗലം റെയിഞ്ചിൽ ഒ.ആർ.12/2011, 13/2011, 14/2011, 17/2011 എന്നീ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിൽ നഷ്ടപ്പെട്ട തൊണ്ടി വകകൾ കണ്ടെത്തുന്നതിലും കൃത്യത്തിന് ഉത്തരവാദികളായ പ്രതികളെയും മറ്റു തെളിവുകളും കണ്ടെത്തുന്നതിലും ചാർജ്ജ് ചെയ്യുന്നതിനും പരാജയപ്പെട്ടു. ഒ.ആർ.12/2011, 13/2011, 14/2011, 17/2011 എന്നീ കേസുകളിൽ തയ്യാറാക്കപ്പെട്ട കൃത്യങ്ങളുടെ പഴക്കം യഥാർത്ഥത്തിലും കൂടുതലായി രേഖപ്പെടുത്തി കുറ്റകൃത്യം മറച്ചു വയ്ക്കാനും ഉത്തരവാദിത്വത്തിൽ നിന്നും മനഃപൂർവ്വം ഒഴിവാകുന്നതിനും ശ്രമിച്ചു.

(iii) വന സംരക്ഷണത്തിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ എന്ന നിലയിൽ ടിയാന്മാരുടെ കർത്തവ്യം നിർവ്വഹിക്കുന്നതിൽ പരാജയപ്പെടുകയും മേൽപ്പറഞ്ഞ കേസ്സുകളിൽ നീക്കം ചെയ്യപ്പെട്ട, തൊണ്ടി വകകളും, പ്രതികളെയും കണ്ടെത്തുന്നതിൽ ഗുരുതരമായ കൃത്യവിലോപം വരുത്തുകയും, പ്രതികൾക്ക് നിർഭയമായി കുറ്റകൃത്യം ചെയ്യുന്നതിന് ഒത്താശ ചെയ്തു കൊടുക്കുകയും അതുമൂലം സർക്കാരിന് ഭീമമായ നഷ്ടം വരുത്തി വയ്ക്കുകയും ചെയ്തു.

(iv) കേരളാ ഫോറസ്റ്റ് കോഡിൽ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരം ടിയാന്മാരിൽ അർപ്പിതമായ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തുകയും സർക്കാരിനോട് വിശ്വാസവഞ്ചന കാണിക്കുകയും ചെയ്തു.

3) കുറ്റാരോപിതരിൽ സർവ്വശ്രീ.എസ്.ദിനേശ്, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, കെ.ഇ.സിബി, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, എസ്.എൻ.ഉണ്ണികൃഷ്ണൻ നമ്പൂതിരി, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ഡി.വിദ്യാധരൻ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ആർ.ബാബു, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, എന്നിവർ പ്രതിവാദ പത്രികകൾ സമർപ്പിക്കുകയും ടി പ്രതിവാദ പത്രികകളിന്മേൽ ഡി&പി വിഭാഗം

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (3) പ്രകാരം അഭിപ്രായം അറിയിക്കുകയും ചെയ്തു.

4) ടി കേസിൽ കൂടുതൽ തെളിവ് ശേഖരിക്കുന്നതിനും കുറ്റാരോപിതരുടെ നിരപരാധിത്വം തെളിയിക്കുന്നതിനും ഒരവസരം നൽകുന്നതിനുമായി ഔപചാരികാന്വേഷണം നടത്തുന്നതിന് പരാമർശം (4) പ്രകാരം ഉത്തരവാകുകയും അന്വേഷണ റിപ്പോർട്ട് അഭിപ്രായ സഹിതം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ലഭ്യമാക്കുകയും ചെയ്തു.

5) ഔപചാരികാന്വേഷണത്തിലെ കണ്ടെത്തലുകൾ താഴെപ്പറയുന്നവയാണ്:

ഒ.ആർ.12/2011 ൽപ്പെട്ട 7 തേക്ക് മരക്കുറ്റികൾ നഷ്ടപ്പെട്ടതിലേയ്ക്ക് 11.10.2011 ൽ കോതമംഗലം ഫ്ലൈയിംഗ് സ്ക്വാഡ് റെയിഞ്ച് ഓഫീസറും പാർട്ടിയും 2,10,000/- രൂപയുടെ നഷ്ടത്തിന്റെ മഹസ്സർ എഴുതുകയുണ്ടായി. ടി കുറ്റികൾക്ക് ഏകദേശം 3 മാസം മുതൽ 1 വർഷം വരെ പഴക്കമുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ഈ മഹസ്സറിൽ ഫ്ലൈയിംഗ് സ്ക്വാഡ് സ്റ്റാഫിനെ കൂടാതെ തട്ടേക്കാട് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.സി.റ്റി. ഔസേഫ്, ഗാർഡുമാരായ ശ്രീ.കെ.എം.ഹാരിസ്, ശ്രീ.ജിന്റോ പൗലോസ് എന്നിവരും പങ്കാളികളാണ്. പഴക്കത്തെ സംബന്ധിച്ചോ, നഷ്ടത്തെ സംബന്ധിച്ചോ യാതൊരു വിയോജിപ്പും രേഖപ്പെടുത്തിയിട്ടില്ലാത്തതാകുന്നു. ഒ.ആർ.12/2011, 13/2011, 14/2011, 17/2011 എന്നിങ്ങനെ കേസുകളിലെ ആകെ സർക്കാർ നഷ്ടം 3,90,305/- രൂപ ഉള്ളതായി കാണപ്പെടുന്നു. ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ രേഖപ്പെടുത്തിയ നഷ്ടവും പഴക്കവും മുഖവിലയ്ക്കെടുക്കാവുന്നതാണ്. ഫ്ലൈയിംഗ് സ്ക്വാഡ് ആദ്യം രേഖപ്പെടുത്തിയിരുന്ന പഴക്കം 3 മാസം മുതൽ 1 വർഷം വരെ എന്നത് ശരിയാണെന്ന് ബോധ്യമാകുന്നു. ആകെ 3,90,305/- രൂപയുടെ സർക്കാർ നഷ്ടം 3 മാസം മുതൽ 1 വർഷം വരെയുള്ള കാലയളവിൽ സർക്കാരിനുണ്ടായിട്ടുണ്ട്. 2,10,000/- രൂപയുടെ തടി ഉരുപ്പടികൾ 12.05.2012, 18.10.2011 എന്നീ തീയതികളിലായി സെക്ഷൻ സ്റ്റാഫ് റെയിഡ് നടത്തി പിടിച്ചിട്ടുള്ളതും, ശേഷം നഷ്ടം 1,80,305/- രൂപ ആണെന്നും

ബോധ്യപ്പെടുന്നു. ഈ നഷ്ടത്തിന് ടി കാലയളവിൽ ജോലി ചെയ്തിരുന്ന റെയിഞ്ച് ഓഫീസർ ഉൾപ്പെടെയുള്ള സ്റ്റാഫ് ബാധ്യസ്ഥരാണ്.

സർവ്വശ്രീ.എസ്. ദിനേശ്. അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ആർ.ബാബു. സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ജോൺ ജോസഫ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ഡി.വിദ്യാധരൻ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, കെ.എം.പ്രദീഷ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്നീ ജീവനക്കാർ മഹസ്സർ പഴക്കമായ 11.10.2010-ന് മുമ്പ് ചാർജ്ജ് വിട്ടുപോയിട്ടുള്ളവരായതിനാൽ ടിയാന്മാരെ കുറ്റാരോപണത്തിൽ നിന്നും ഒഴിവാക്കാവുന്നതാണ്. ശ്രീ.എസ്.എൻ.ഉണ്ണികൃഷ്ണൻ നമ്പൂതിരി മഹസ്സർ പഴക്ക കാലയളവിൽ 2 0 ദിവസം മാത്രമാണ് ഡ്യൂട്ടിയിൽ ഉണ്ടായിരുന്നതെന്നും (ടിയാൻ 01.11.2010 ൽ മാറിപ്പോയിട്ടുള്ളതാകുന്നു), ടിയാൻ പെൻഷൻ പറ്റി പിരിഞ്ഞ് പോയിട്ടുള്ളതിനാലും ടിയാനെ കുറ്റാരോപണത്തിൻ നിന്നും ഒഴിവാക്കാവുന്നതാണ്. സർവ്വശ്രീ.കെ.ഇ.സിബി, റെയിഞ്ച് ഓഫീസർ, ജിന്റോ പൗലോസ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ജിജോ ജോണി, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ടി.എ.രജിത്ത്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്നിവർ മഹസ്സർ പഴക്ക കാലയളവായ ഒരു വർഷം മുമ്പ് ഡ്യൂട്ടിയിൽ ഉണ്ടായിരുന്നവരും, മഹസ്സർ കാലയളവിൽ തുടർന്ന് വരുന്നവരുമാണ്. അതിനാൽ ടിയാന്മാർ സർക്കാർ നഷ്ടത്തിന് ഉത്തരവാദികളാണ്.

29.07.2010 മുതൽ 22.12.2011 വരെ റെയിഞ്ച് ചാർജ്ജിൽ ഉണ്ടായിരുന്ന ശ്രീ.കെ.ഇ.സിബിയ്ക്ക് കുറ്റകൃത്യത്തിൽ പൂർണമായ ഉത്തരവാദിത്വം ഉള്ളതാകുന്നു. കേസന്വേഷണങ്ങൾ കാര്യമായി മുമ്പോട്ട് കൊണ്ടുപോകുവാൻ ടിയാൻ ശ്രമിച്ചിട്ടില്ലാത്തതായി കാണുന്നു. ഒ.ആർ.15/2011 ലേയ്ക്ക് കസ്റ്റഡിയിൽ എടുത്ത കെ.എൽ-7-കെ-7104 നമ്പർ മിനി ലോറി സർക്കാരിന് നഷ്ടമായത് ടിയാന്റെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. ടിയാൻ 28.10.2011 മുതൽ ഒ.ആർ.12/2011, 13/2011 ആയി സമർപ്പിച്ച വിശദമായ റിപ്പോർട്ടിലോ ടിയാന്റെ പ്രതിവാദ പത്രികയിലോ കേരള ഫോറസ്റ്റ് ആക്ട് 61(എ) പ്രകാരം വണ്ടി കസ്റ്റഡിയിൽ എടുത്തതായോ കണ്ടു കെട്ടാനുള്ള തുടർ നടപടികൾ സ്വീകരിച്ചതായോ

കാണുന്നില്ല. വണ്ടി നൽകുവാനുള്ള ഡബ്ല്യുപി(സി) 3179/11 ഉത്തരവിന് അപ്പീൽ ഫയൽ ചെയ്യുവാനുള്ള നിർദ്ദേശം റെയിഞ്ച് ഓഫീസർ അവഗണിച്ചത് ഗുരുതരമായ വീഴ്ചയാണ്. നഷ്ടവും പഴക്കവും കുറച്ചു കാണിച്ചു എന്ന് ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് ചെയ്യുകയും, പുനർനിർണ്ണയം നടത്തുകയും ചെയ്തിട്ടുള്ള ഒ.ആർ.13/2011, ഒ.ആർ.14/2011 എന്നിവ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സിബി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്. ടിയാൻ പ്രത്യേകം ആവശ്യപ്പെട്ട് അന്വേഷണത്തിന് ഹാജരായ ശ്രീ.പി.പി.പ്രമോദ്, ഐ.എഫ്.എസ് വിസ്തരിക്കേണ്ടുന്ന തീയതിയിൽ അദ്ദേഹമോ. അദ്ദേഹം ഹാജരാക്കുവാൻ ഏൽപ്പിച്ചിരുന്ന ശ്രീ.ജോഷി തോമസോ ഹാജരായിരുന്നില്ല.

റെയിഞ്ച് ഓഫീസറുടെ ഭാഗത്തു നിന്ന് ആരോപിച്ചിരിക്കുന്ന എല്ലാ കുറ്റങ്ങളിലും വീഴ്ചകൾ ഗുരുതരമായ നിലയിൽ സംഭവിച്ചിട്ടുള്ളതും അപ്രകാരം എല്ലാ ചാർജ്ജുകളും (1, 2, 3, 4) തെളിയിക്കപ്പെട്ടിട്ടുള്ളതുമാണ്. എഴുതിയിട്ടുള്ള മഹസ്സറുകൾ പ്രകാരവും സാക്ഷി വിസ്താരത്തിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരവും കണ്ടെത്തലുകളിൽ വിശദമായി വിശകലനം ചെയ്തിട്ടുള്ള പ്രകാരവും നടന്ന കുറ്റകൃത്യങ്ങൾ എല്ലാം ടിയാന്റെ പീരിയഡിൽ തന്നെ നടന്നിട്ടുള്ളതും, ഒ.ആർ.13/2011, 14/2011 എന്നീ മഹസ്സറുകൾ വെരിഫൈ ചെയ്ത് സാക്ഷ്യപ്പെടുത്തിയ മുറയ്ക്ക് കുറ്റകൃത്യം മറച്ചുവെച്ച് ഒഴിവാകുവാൻ ശ്രമിക്കുകയും, ടിയാൻ ചാർജ്ജ് വിടുന്ന 22.12.2011 വരെ തൊണ്ടി വകകൾ കണ്ടെടുത്ത് പ്രതികളെ കസ്റ്റഡിയിലെടുത്ത് കേസ് ചാർജ്ജ് ചെയ്യുന്നതിൽ പരാജയപ്പെടുകയും ചെയ്ത നിലയിൽ കുറ്റാരോപണങ്ങളിൽ പറയുന്ന സർക്കാർ നഷ്ടം വരുത്തി വയ്ക്കുക, പ്രതികളെയും തെളിവുകളും കണ്ടെത്തി കേസ് ചാർജ്ജ് ചെയ്യുന്നതിൽ പരാജയപ്പെടുക, കുറ്റകൃത്യം മറച്ചു വയ്ക്കാനും ഉത്തരവാദിത്വത്തിൽ നിന്നും ഒഴിവാകുവാനും ശ്രമിക്കുക, ഗുരുതരമായ കൃത്യവിലോപം വരുത്തി പ്രതികൾക്ക് ഒത്താശ ചെയ്തു കൊടുത്ത് സർക്കാരിന് നഷ്ടം വരുത്തി വയ്ക്കുക. കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുക, സർക്കാരിനോട് വിശ്വാസ വഞ്ചന കാണിക്കുക എന്നീ ആരോപണങ്ങൾ പൂർണ്ണമായും തെളിഞ്ഞിട്ടുള്ളതാണ്.

27.10.2010 മുതൽ മഹസ്സർ തീയതി വരെ തട്ടേക്കാട് സെക്ഷനിൽ ജോലി ചെയ്തിരുന്ന ശ്രീ.സി.റ്റി.ഔസേഫ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസറെ സർക്കാർ നഷ്ടത്തിൽ നിന്ന് ഒഴിവാക്കുവാൻ ആവുന്നതല്ല. എങ്കിലും കെ എൽ 7 കെ 7104 നമ്പർ മിനി ലോറി പിടികൂടി നിയമ നടപടികൾ സ്വീകരിക്കുവാനും 6-ാം പ്രതിയായ അയ്യപ്പൻ മകൻ കുഞ്ഞിനെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുവാനും 18.11.2011 ൽ കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ സേർച്ച് വാറണ്ട് പ്രകാരം ഒളിമ്പ്യൻ ജോയിയുടെ വീട്ടിൽ നിന്നും 60,000/- രൂപയുടെ ഉരുപ്പടികൾ കണ്ടെത്തിയതിലും, 17.01.2012 ൽ ശ്രീ സിബി സ്ഥലം മാറിയതിനു ശേഷം 7-ാം പ്രതി പാലപ്പള്ളി മത്തായിയെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുന്നതിനും 23.01.2012 ൽ പൊക്കാടൻ ഏലിയാസിനെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയതിലും, 12.05.2012 ൽ 1,50,000/- രൂപയുടെ ഉരുപ്പടികൾ കണ്ടെത്തിയ കാര്യത്തിലും ടിയാൻ നേതൃത്വം കൊടുത്തിട്ടുള്ളതാണ്. എങ്കിലും ടിയാന്റെ പ്രതിവാദ പത്രികയിൽ പറയുന്ന കാര്യങ്ങൾ ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒഴിവാക്കുവാൻ വേണ്ടുന്ന ന്യായീകരണങ്ങളല്ല.

മേൽ സാഹചര്യത്തിൽ ആരോപിക്കപ്പെട്ടിട്ടുള്ള ഒന്നാമത്തെ ആരോപണം തെളിഞ്ഞിട്ടുള്ളതാണ്. രണ്ടാമത്തെ ആരോപണത്തിൽ കേസ് ചാർജ്ജ് ചെയ്യുന്നതിൽ പരാജയപ്പെട്ടു എന്നത് സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്ക് ബാധകമല്ലാത്തതാകുന്നു. തൊണ്ടി വകകൾ കണ്ടെടുക്കുന്നതിലും പ്രതികളെ കണ്ടെത്തുന്നതിലും ഭാഗികമായി വിജയിച്ചിട്ടുള്ളതാകുന്നു. മേൽ സാഹചര്യത്തിൽ രണ്ടാമത്തെ കേസ് ചാർജ്ജ് ചെയ്യുന്നതിൽ പരാജയപ്പെട്ടു എന്ന ഭാഗം ഒഴികെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്കും ബാധകമാണ്. കുറ്റാരോപണത്തിൽ പറഞ്ഞിരിക്കുന്ന 3 ഉം 4 ഉം ചാർജ്ജുകൾ സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്കെതിരെ തെളിഞ്ഞിട്ടുള്ളതാണ്. ഇപ്രകാരം 1 ഉം 3 ഉം 4 ഉം ചാർജ്ജുകൾ മുഴുവനായും 2-ാമത്തെ ചാർജ്ജ് ഭാഗികമായും നിലനിൽക്കുന്നതുമാണ്.

സർവ്വശ്രീ.ജിന്റോ പൗലോസ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ജിജോ ജോണി, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, കെ.എം. ഹാരിസ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, റ്റി.എ രജിത്ത്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ

കുറ്റകൃത്യം നടന്ന കാലയളവിൽ ടിയാന്മാർ തട്ടേക്കാട് സെക്ഷനിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ ആയിരുന്നതും, സർക്കാർ നഷ്ടത്തിന് ഉത്തരവാദികളുമാണ്. ടിയാന്മാർ മഹസ്സറിൽ ഒപ്പിട്ടിട്ടുള്ളതാണ്. സമീപകാലത്ത് സർവ്വീസിൽ കയറിയ പരിചയം കുറഞ്ഞ സ്റ്റാഫുകളാണ് എന്ന പരിഗണന അർഹിക്കുന്നുണ്ടെങ്കിലും ടിയാന്മാർ പ്രതിവാദ പത്രികയിൽ പറയുന്ന കാര്യങ്ങൾ അംഗീകരിക്കാവുന്നതല്ല.

ടിയാൻമാർക്കെതിരെയുള്ള ഒന്നാമത്തെ ആരോപണം തെളിഞ്ഞിട്ടുള്ളതാണ്. രണ്ടാമത്തെ ആരോപണത്തിൽ കേസ് ചാർജ്ജ് ചെയ്യുന്നതിൽ പരാജയപ്പെട്ടു എന്നത് ബീറ്റ് ഫോറസ്റ്റ് ഓഫീസർക്ക് ബാധകമല്ലാത്തതാകുന്നു. തൊണ്ടി വകകൾ കണ്ടെത്തുന്നതിലും ഭാഗികമായി വിജയിച്ചിട്ടുള്ളതാകുന്നു. മേൽ സാഹചര്യത്തിൽ രണ്ടാമത്തെ കേസ് ചാർജ്ജ് ചെയ്യുന്നതിൽ പരാജയപ്പെട്ടു എന്ന ഭാഗം ഒഴികെ ബീറ്റ് ഫോറസ്റ്റ് ഓഫീസർക്കും ബാധകമാണ്. കുറ്റാരോപണത്തിൽ പറഞ്ഞിരിക്കുന്ന 3, 4 ചാർജ്ജുകൾ ബീറ്റ് ഫോറസ്റ്റ് ഓഫീസർക്കെതിരെ തെളിഞ്ഞിട്ടുള്ളതാണ്. ഇപ്രകാരം 1, 3, 4 ചാർജ്ജുകൾ മുഴുവനായും 2-ാമത്തെ ചാർജ്ജ് ഭാഗികമായും നിലനിൽക്കുന്നതുമാണ്.

6) അന്വേഷണാധികാരിയുടെ കണ്ടെത്തലുകളോട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) യോജിക്കുന്നതായി പരാമർശം (5) പ്രകാരം അറിയിച്ചു.

7) അന്വേഷണാധികാരിയുടെ ശുപാർശ അംഗീകരിച്ച് സർവ്വശ്രീ.എസ്.ദിനേഷ്, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ആർ.ബാബു, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ജോൺ ജോസഫ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ഡി.വിദ്യാധരൻ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, കെ.എം.പ്രദീഷ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, എസ്.എൻ.ഉണ്ണികൃഷ്ണൻ

നമ്പൂതിരി, ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്നിവരെ പരാമർശം(6) പ്രകാരം കുറ്റവിമുക്തരാക്കി ഉത്തരവ് പുറപ്പെടുവിച്ചു.

8 ) അന്വേഷണത്തിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സിബിക്ക് മറ്റുള്ളവരേക്കാൾ കൂടുതൽ വീഴ്ച സംഭവിച്ചിട്ടുള്ളതായും കേസന്വേഷണത്തിലും കണ്ടുകെട്ടേണ്ടിയിരുന്ന വണ്ടി നഷ്ടപ്പെട്ടതിലും കൂടുതൽ ഉത്തരവാദിത്വം ഉള്ളതായി കണ്ടെത്തിയതിനാലും സർക്കാർ നഷ്ടത്തിന് ഉത്തരവാദികളായ ആളുകളിൽ നിന്നും ഈടാക്കേണ്ട തുകയിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സിബിയിൽ നിന്നും സർക്കാർ നഷ്ടമായ 1,80,305/- രൂപയുടെ പകുതി തുകയായ 90,153/- രൂപ ഈടാക്കുന്നതിനും, 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടം 11 (5A) പ്രകാരം ടിയാന്റെ 3 വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെ തടയുന്നതിനും സർക്കാർ നഷ്ടത്തിൽ ബാക്കി തുകയായ 90,152/- രൂപ സർവ്വശ്രീ.സി.റ്റി.ഔസേഫ്, ജിന്റോ പൗലോസ്, ജിജോ ജോണി, കെ.എം.ഹാരിസ്, ടി.എ.രജിത്ത് എന്നിവരിൽ നിന്നും തുല്യമായി (18,030രൂപ വീതം) ഈടാക്കുന്നതിനും, 1960 ലെ കേരള സിവിൽ സർ വ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടം 11 (5A) പ്രകാരം ടിയാന്മാരുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടയുന്നതിനും തീരുമാനിച്ച് പരാമർശം( 7 ) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി. ടി ഉദ്യോഗസ്ഥർ പരമാർശം (8) പ്രകാരം വിശദീകരണം സമർപ്പിച്ചു.

9) സ്വാഭാവിക നീതി ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി കുറ്റാരോപിതരെ 06.07.2017 ൽ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട സമയത്ത് പ്രതിവാദ പത്രികകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ തന്നെ ടിയാന്മാർ ആവർത്തിച്ചു. പഴക്കം നിശ്ചയിച്ചത് ശരിയായ രീതിയിലല്ലെന്നും 2006ൽ തന്നെയാണ് കുറ്റകൃത്യം നടത്തിയിട്ടുള്ളതെന്നും അറിയിച്ചു. അന്വേഷണ വിചാരണ തന്നെ നിയമാനുസൃതമല്ല എന്നും, സ്ഥല പരിശോധനയില്ലാതെയാണ് ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നഷ്ടം പുനർ നിർണ്ണയിച്ചതെന്നും, ശ്രീ.സിബി വാദിച്ചു. കേസന്വേഷണത്തിന്റെ എല്ലാ ഘട്ടത്തിലും കൃത്യമായി പങ്കെടുത്ത്

വാഹനവും, തൊണ്ടി മുതലും കണ്ടെത്തുന്നതിൽ സഹായിച്ച തങ്ങൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത് സങ്കടകരമാണെന്ന് ശ്രീ.സി.റ്റി.ഔസേഫ് അറിയിച്ചു. 2010-ൽ മാത്രം വനം വകുപ്പിൽ സർവ്വീസിൽ പ്രവേശിച്ച തങ്ങളെ 2006ൽ നടന്ന കുറ്റകൃത്യത്തിന് ഉത്തരവാദികൾ ആക്കരുതെന്ന് സർവ്വശ്രീ.ജിന്റോ പൗലോസ്, ജിജോ ജോണി, കെ.എം. ഹാരിസ്, റ്റി.എ. രജിത്ത് എന്നിവർ അപേക്ഷിച്ചു. കേസ് യഥാസമയം ചാർജ്ജ് ചെയ്യേണ്ടത് റെയിഞ്ച് ഓഫീസർ ആണെന്നും ആയതിന് തങ്ങളെ ശിക്ഷിക്കരുതെന്നും ഇവർ അഭ്യർത്ഥിച്ചു.

10) ഈ വിഷയം വിശദമായി പരിശോധിച്ചതിൽ കുറ്റാരോപിതരുടെ വാദഗതികൾ എല്ലാം ഔപചാരികാന്വേഷണ വേളയിൽ പരിശോധിക്കപ്പെട്ടിട്ടുള്ളതാണ് എന്ന് കണ്ടെത്തി. കൂടാതെ മരങ്ങൾ നഷ്ടപ്പെട്ടത് വഴി സർക്കാർ നഷ്ടവും ഉണ്ടായിട്ടുണ്ട്. കുറ്റകൃത്യം നടന്നത് തന്നെ സെക്ഷൻ ഹെഡ് ക്വാർട്ടേഴ്സിൽ നിന്നും ഒരു കിലോമീറ്റർ താഴെ ദൂരം വരുന്ന പ്രദേശത്തും ജനവാസമുള്ള മേഖലയിലുമാണ്. എന്നിട്ടും ടി കുറ്റകൃത്യം തടയാൻ കഴിഞ്ഞില്ല എന്നുള്ളത് നീതീകരിക്കാനാവില്ല. കുറ്റാരോപിതരുടെ വാദങ്ങൾ അംഗീകരിക്കാനാവില്ല എന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (9) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്.

11) റെയിഞ്ച് ഓഫീസർക്കാണ് ഈ വിഷയത്തിൽ കൂടുതൽ വീഴ്ച സംഭവിച്ചിട്ടുള്ളതെന്നും സർവ്വീസ് പരിചയം കുറഞ്ഞ കീഴുദ്യോഗസ്ഥരുടെ വാദഗതികൾ ഒരു പരിധി വരെ പരിഗണിക്കാവുന്നതാണെന്നും ഹിയറിംഗിൽ വിലയിരുത്തപ്പെട്ടു. നേരിൽ കേട്ട വസ്തുതകളെ അടിസ്ഥാനമാക്കി കാരണം കാണിക്കൽ നോട്ടീസിൽ നിശ്ചയിച്ച താൽക്കാലിക ശിക്ഷയിൽ ഭേദഗതി വരുത്തുവാൻ തീരുമാനിക്കുകയുണ്ടായി. കുറ്റകൃത്യത്തിന്റെ പഴക്കം ശാസ്ത്രീയമായി തെളിയിക്കാനാവില്ല എന്നത് കണക്കിലെടുത്തും സർവ്വീസ് പരിചയക്കുറവ് എന്നത് പരിഗണിച്ചും ഒരു ദയാപരമായ സമീപനം കൈകൊണ്ടും സർവ്വശ്രീ.സി.റ്റി.ഔസേഫ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ജിന്റോ പൗലോസ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ജിജോ ജോണി, ബീറ്റ് ഫോറസ്റ്റ് ഓഫീസർ,

കെ.എം.ഹാരിസ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ടി.എ.രജിത്ത്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്നിവരിൽ നിന്നും നിശ്ചയിക്കപ്പെട്ട സർക്കാർ നഷ്ടമായ 18,030/- രൂപ വീതം മാത്രം ഈടാക്കുന്നതിനും ശ്രീ.കെ.ഇ.സിബിയിൽ നിന്നും സർക്കാർ നഷ്ടമായ 90,153/- രൂപ ഈടാക്കുന്നതിനും ടിയാന്റെ ഒരു ഇൻക്രിമെന്റ് സഞ്ചിതഫല പ്രാബല്യത്തോടെ തടയുന്നതിനും തീരുമാനിക്കുകയും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരായുകയും ചെയ്തു.

12) കമ്മീഷൻ സർക്കാരിന്റെ തീരുമാനത്തോട് യോജിച്ചതായി പരാമർശം (10) പ്രകാരം അറിയിച്ചു.

13) മേൽ സാഹചര്യത്തിൽ സർവ്വശ്രീ. സി.റ്റി.ഔസേഫ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ജിന്റോ പൗലോസ്, മുൻ ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ജിജോ ജോണി, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, കെ.എം.ഹാരിസ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ടി.എ.രജിത്ത്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്നിവരിൽ നിന്നും നിശ്ചയിക്കപ്പെട്ട സർക്കാർ നഷ്ടമായ 18,030/- രൂപ വീതം മാത്രം ഈടാക്കിക്കൊണ്ടും റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ.കെ.ഇ.സിബിയിൽ നിന്നും സർക്കാർ നഷ്ടമായ 90,153/- രൂപ ഈടാക്കിക്കൊണ്ടും ടിയാന്റെ ഒരു ഇൻക്രിമെന്റ് സഞ്ചിതഫല പ്രാബല്യത്തോടെ തടഞ്ഞുകൊണ്ടും പരാമർശം (2) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**അജിത് കെ ജോസഫ്**
**ജോയിൻറ് സെക്രട്ടറി**

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ.കെ.ഇ.സിബി, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ,
ശ്രീ. സി.റ്റി.ഔസേഫ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,
ശ്രീ. ജിന്റോ പൗലോസ്, മുൻ ബീറ്റ് ഫോറസ്റ്റ് ഓഫീസർ,
(ഇപ്പോൾ ജൂനിയർ ക്ലർക്ക്, മൂവാറ്റുപുഴ മുൻസിപാലിറ്റി)

ശ്രീ. ജിജോ ജോണി, ബീറ്റ് ഫോറസ്റ്റ് ഓഫീസർ,

ശ്രീ. കെ.എം.ഹാരിസ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ,

ശ്രീ. ടി.എ.രജിത്ത്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം,

(ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം

(ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) , കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ